"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10123/2025/GEDN തീയതി,തിരുവനന്തപുരം, 10-12-2025

---

പരാമർശം:-

1. സ.ഉ(സാ.ധാ)നം.54/2024/പൊ.വി.വ തീയതി,01.06.2024
2. ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ 10.08.2025 തീയതിയായി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.10.2025 തീയതിയിലെ DEOPLR/1726/2025 -B3നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.10.2025 തീയതിയിലെ ഇടി5/21199/2025/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ്-ൽ യു.പി.എസ്.ടി. ആയ ശ്രീമതി. ജിജി ശേഖർ ന്റെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ പെറ്റീഷനിൽ 21.10.2025 തീയതിയിൽ വാദം കേട്ടു.

**2.മാനേജരുടെ വാദം താഴെപ്പറയും പ്രകാരമായിരുന്നു :**

ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്. സ്കൂളിലെ യു.പി.എസ്.റ്റി. ആയിരുന്ന ജി.വിഷ്ണു രവീന്ദ്രൻ മരണപ്പെട്ട ഒഴിവിൽ ശ്രീമതി ജിജി ശേഖറിനെ യു.പി.എസ്.റ്റി ആയി 29.02.2024 മുതൽ നിയമിച്ചു. എന്നാൽ വിവിധ കാരണങ്ങളാൽ ടി നിയമനം പുനലൂർ വിദ്യാഭ്യാസ ആഫീസറുടെ 25.04.2025-ലെ ബി3/826254/2025 ഉത്തരവ് പ്രകാരം നിരസിച്ചു. തുടർന്ന് പൊതുവിദ്യാഭ്യാസ ആഫീസർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.05.2025-ലെ ഇറ്റി5/828381/2025 നമ്പർ ഉത്തരവ് പ്രകാരം ടി സ്കൂളിലെ മാനേജരുടെ കാലാവധി 31.12.2024-ൽ അവസാനിച്ചതിനാൽ ഇപ്പോൾ റിവിഷൻ അപ്പീൽ

സമർപ്പിച്ചിരിക്കുന്നത് അംഗീകൃത മാനേജർ അല്ലാത്തതിനാലും ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. ജിജി ശേഖറിൻ്റെ 29.02.2024 മുതലുള്ള യു.പി.എസ്.റ്റി നിയമനം സംബന്ധിച്ചുള്ള റിവിഷൻ അപ്പീൽ നിരസിച്ച് ഉത്തരവായി.

എന്നാൽ ഇപ്പോൾ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 15.07.2025 തീയതിയിലെ ഉത്തരവ് നമ്പർ ബി3/915/2025 പ്രകാരം ടി സ്കൂളിൽ മാനേജർഷിപ്പ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി ജിജി ശേഖർ യു.പി.എസ്.റ്റിയുടെ 29.02.2024 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകി അപ്പീൽ അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :**

ആവണീശ്വരം എ.പി.പി.എം.എച്ച്.എസിൽ യു.പി.എസ്.ടി തസ്തികയിൽ ശ്രീമതി.ജിജി ശേഖറിനെ 15/07/2021 തീയതി പ്രാബല്യത്തിൽ മാനേജർ നിയമിച്ചു. ടി സ്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീവിഷ്ണു രവീന്ദ്രൻ 28/06/2020 തീയതിയിൽ മരണപ്പെട്ടത് മൂലമുണ്ടായ ഒഴിവിലാണ് ടിയാളെ നിയമിച്ചിട്ടുള്ളത്. ടി നിയമനം 06/02/21 ലെ 4/21/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിച്ച് നടത്തിയിരുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന സ്കൂളിൽ പിന്നീട് ഉണ്ടാകുന്ന ഒഴിവുകൾ തത്തുല്യമായ എണ്ണം സംരക്ഷിതാധ്യാപകരെ കൊണ്ട് നികത്തണം എന്നാണ് വ്യവസ്ഥ നിബന്ധന പാലിക്കാത്തതിന്റെ അടിസ്ഥാനത്തിൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു നൽകി. കൂടാതെ ടിയാൾ നിയമന വേളയിൽ യു.പി.എസ്.റ്റി തസ്തികയ്ക്കു ആവശ്യമായ നിർദിഷ്ട കെ-ടെറ്റ് നേടിയിരുന്നില്ല.

മേൽപറഞ്ഞ പ്രകാരം നിയമനം നിരസിച്ച ശേഷം ശ്രീമതി.ജിജി ശേഖറിനെ വീണ്ടും യു.പി.എസ്.ടി ആയി 29/02/2024 തീയതി പ്രാബല്യത്തിൽ ടി സ്കൂളിൽ മാനേജർ നിയമിച്ചു. ടി സ്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീ.വിഷ്ണു രവീന്ദ്രൻ മരണപ്പെട്ടത് മൂലമുണ്ടായ മേൽപറഞ്ഞ ഒഴിവിൽ ആണ് നിയമനം നടത്തിയിട്ടുള്ളത്. ആവണീശ്വരം എ.പി.പി.എം.എച്ച്.എസ് മാനേജർ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റോസ്റ്റർ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. നിയമന പ്രൊപ്പോസലിൽ ഉള്ള മറ്റ് അപാകതകൾ കാരണം ടി നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചു. എന്നാൽ എ.പി.പി.എം.എച്ച്.എസ്-ലെ മാനേജരുടെ കാലാവധി 31/12/2024 ന് അവസാനിച്ചതിനാൽ അപ്പിൽ സമർപ്പിച്ചിരിക്കുന്നത് അംഗീകൃത മാനേജർ അല്ലാത്തതിനാലും, പുതിയ മാനേജർഷിപ്പ് അംഗീകരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുമില്ലാത്ത സാഹചര്യത്തിൽ ശ്രീമതി ജിജി ശേഖറിന്റെ യു.പി.എസ്.ടി തസ്തികയിലെ 29/02/2024 തീയതി മുതലുള്ള നിയമനവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് നമ്പർ ET5/828381/2025 തീയതി 28/05/2025 പ്രകാരം നിരസിച്ചു നൽകുകയുണ്ടായി.

മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയുടെ അടിസ്ഥാനത്തിൽ ആവണീശ്വരം എ.പി.പി.എം.എച്ച്.എസിലെ യു.പി.എസ്.ടി ആയ ശ്രീമതി.ജിജി ശേഖറിന്‍്റെ 15/07/2021 മുതലുള്ള നിയമനം 1/11/2023 ലെ ജെആർ1/502/2023/പൊ.വി.വ നമ്പർ കത്തിന്‍്റെ അടിസ്ഥാനത്തിലും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു: സുപ്രീം കോടതിയിലും, ബഹു: ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രോവിഷണൽ ആയി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ 3/9/24 ലെ ബി 1/177/2022/GEdn നമ്പർ കത്ത് പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു.

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ജിജി ശേഖറിനെ 15/07/2021 തീയതി പ്രാബല്യത്തിൽ നിയമിച്ച് മാനേജർ പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ മാനേജർ സമർപ്പിച്ച നിയമന അംഗീകാര പ്രോപ്പോസലിൽ ഉള്ള അപാകതകൾ കാണിച്ചു കൊണ്ട് നിശ്ചിത രേഖകൾ കൂടി ലഭ്യമാക്കുന്നതിനായി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കത്തുകൾ നൽകിയെങ്കിലും ആയത് മാനേജർ ഹാജരാക്കിയിരുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു നൽകി.

കൂടാതെ അവണീശ്വരം എ.പി.പി.എം.എച്ച്.എസ്-ലെ യു.പി.എസ്.റ്റി ആയി 15-07-2015 മുതൽ തുടർച്ചയായ സർവീസ് ഉള്ള ശ്രീ.വിഷ്ണു രവിന്ദ്രൻ 28/06/2020 തീയതിയിൽ മരണപ്പെട്ടത് മൂലം ഉണ്ടായ യു.പി.എസ്.ടി ഒഴിവാണ് മാനേജർ ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി കാറ്റഗറി-1 വിഭാഗത്തിൽ വിട്ട് നൽകിയിരിക്കുന്നത്. ടി തസ്തികയിലെ ഒഴിവ് വിവരം 14/03/2024 ന്

എംപ്ലോയ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുള്ള കൈപ്പറ്റ് രസീത് മാനേജർ സമന്വയ മുഖേന അപ്ലോഡ് ചെയ്തിട്ടുമുണ്ട്. ടി ഒഴിവിലാണ് ശ്രീമതി.ജിജി ശേഖറിനെ മാനേജർ 15/7/2021 തീയതി പ്രാബല്യത്തിൽ യു.പി.എസ്.ടി ആയി നിയമിച്ചത്. അതോടൊപ്പം തന്നെ മൂന്ന് തവണ ശ്രീമതി ജിജി ശേഖറിന്റെ നിയമന അപേക്ഷ സമർപ്പിച്ചിരുന്നപ്പോഴും അപേക്ഷയോടൊപ്പം യു.പി.എസ്.റ്റി നിയമനത്തിന്റെ നിർദിഷ്ട യോഗ്യത ആയ കെ-ടൈറ്റ് അസൽ സർട്ടിഫിക്കറ്റ് പ്രോപ്പോസലിനോടൊപ്പം സമർപ്പിച്ചിരുന്നില്ല. ആയതിനാൽ മാനേജർ പൂർണ്ണ രൂപത്തിലുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഭിന്നശേഷി ഉദ്യോഗാർഥി ജോലിയിൽ പ്രവേശിക്കുന്നത് വരെയും, കെ-ടെറ്റ് യോഗ്യത നേടിയ തീയതിക്ക് വിധേയമായും മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി. ജിജിശേഖറിന്റെ നിയമനം പുന:പരിശോധിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ്-ലെ യു.പി.എസ്.ടി. ആയിരുന്ന ജിഷ്ണു രവീന്ദ്രൻ മരണപ്പെട്ട ഒഴിവിൽ ശ്രീമതി. ജിജി ശേഖറിനെ മാനേജർ യു.പി.എസ്.ടി. ആയി 29.02.2024 തീയതി നിയമിച്ചു. ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റോസ്റ്റർ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല, നിയമനാംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് പൂർണ്ണരൂപത്തിലല്ല, കെ-ടെറ്റ് യോഗ്യത നേടിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല തുടങ്ങിയ കാരണങ്ങളാണ് ഈ അപേക്ഷ അംഗീകരിക്കപ്പെടാതെ പോയത്. ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട റോസ്റ്റർ സമർപ്പിച്ചതായി മാനേജർ അറിയിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചിട്ടുള്ള മാനേജറുടെ മാനേജർഷിപ്പ് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്. മാനേജർ പൂർണ രൂപത്തിലുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം നിലവിലുള്ള സർക്കാർ ഉത്തരവിനു വിധേയമായി ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെയും കെ-ടെറ്റ് യോഗ്യത നേടിയ തീയതിക്കു വിധേയമായും ശ്രീമതി ജിജിശേഖറിന്റെ 29.02.2024 മുതലുള്ള യു.പി.എസ്.ടി. നിയമനം അംഗീകരിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചിട്ടുണ്ട്. അനുവദിച്ചാൽ പൂർണ്ണരൂപത്തിലുള്ള അപേക്ഷ സമർപ്പിക്കുന്നതാണെന്ന് മാനേജർ ഹിയറിങ് സമയത്ത് അറിയിച്ചിട്ടുണ്ട്.

5.ഈ സാഹചര്യത്തിൽ ശ്രീമതി ജിജിശേഖറിന്റെ ആവണീശ്വരം എ.പി.പി.എം.

വി.എച്ച്.എസ്.എസ്. ലെ 29.02.2024 മുതലുള്ള യു.പി.എസ്.ടി. നിയമനം മാനേജർ പൂർണ രൂപത്തിലുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവിനു വിധേയമായി ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ കെ-ടെറ്റ് യോഗ്യത നേടിയ തീയതിക്ക് വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാൻ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ

മാനേജർ, എ.പി.പി.എം.വി.എച്ച്.എസ്.എസ്, ആവണീശ്വരം, കൊല്ലം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 11-12-2025 11:41:29

സെക്ഷൻ ഓഫീസർ